# 91/24-M

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

| | |
| --- | --- |
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. 1916-ൽ ഡി. കെ. കാർവെ ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചത് എവിടെ ?
   A) മദ്രാസ് B) ബംഗാൾ C) ഡൽഹി D) മഹാരാഷ്ട്ര

2. ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം പ്രമേയമാക്കി രചിച്ച നോവലുകളിൽ ശ്രദ്ധേയം
   A) നീൽ ദർപ്പൺ B) ആനന്ദമഠം C) ഗോദാൻ D) ഗീതാഞ്ജലി

3. ''പ്ലാസി യുദ്ധം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറ ഇട്ടെങ്കിലും ജാലിയൻവാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറ ഇളക്കി''. ജാലിയൻവാലാബാഗ് സംഭവത്തെക്കുറിച്ച് ഇങ്ങനെ പ്രതികരിച്ചത്
   A) സുഭാഷ് ചന്ദ്ര ബോസ് B) രവീന്ദ്രനാഥ ടാഗോർ
   C) ഗാന്ധിജി D) മൗലാനാ മുഹമ്മദലി

4. ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നത്
   A) ബംഗാൾ B) ഡൽഹി C) ബോംബെ D) ബീഹാർ

5. ദേശീയ സമരകാലത്തെ പ്രധാന പത്രമായ അൽ ഹിലാലിന് നേതൃത്വം നൽകിയത്
   A) ഗോപാലകൃഷ്ണ ഗോഖലെ B) മൗലാനാ അബ്ദുൾ കലാം ആസാദ്
   C) രാജാറാം മോഹൻ റോയ് D) മുഹമ്മദ് ഇഖ്ബാൽ

6. ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന ജോഡിയിൽ തെറ്റ് കണ്ടെത്തുക.
   A) ആമുഖം : ജവഹർലാൽ നെഹ്റു
   B) മൗലികാവകാശങ്ങൾ : ഭരണഘടനയുടെ ഭാഗം III
   C) നിർദ്ദേശകതത്ത്വങ്ങൾ : മഹാത്മാഗാന്ധി
   D) ലക്ഷ്യപ്രമേയം : ഡോ. ബി. ആർ. അംബേദ്കർ

7. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷത കണ്ടെത്തുക.
   i) ദൃഢവും അയവുള്ളതുമായ ഭരണഘടന
   ii) ദ്വിമണ്ഡല നിയമനിർമ്മാണ സഭകൾ
   iii) സംസ്ഥാനങ്ങൾക്ക് പ്രത്യേക ഭരണഘടന
   iv) മാർഗ്ഗനിർദ്ദേശക തത്വങ്ങൾ
   A) i, ii, iii, iv B) ii, iii C) i, ii, iv D) i, ii

8. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ഇന്ത്യയിലെ ഏത് ഭരണഘടന സ്ഥാപനത്തിന്റെ ചുമതലകളെ സൂചിപ്പിക്കുന്നു ?
   – ഇംബീച്ച്മെന്റ് നടപടിക്രമങ്ങളിൽ ജുഡീഷ്യൽ അധികാരിയായി പ്രവർത്തിക്കുക.
   – രാഷ്ട്രപതി ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പുകളിൽ പങ്കാളിയാവുക.
   – ഭരണഘടന ഭേദഗതി പരിഗണിക്കലും അംഗീകരിക്കലും.
   A) നിയമനിർമ്മാണ സഭ B) പാർലമെന്റ്
   C) സുപ്രീംകോടതി D) തെരഞ്ഞെടുപ്പ് കമ്മീഷൻ

9. താഴെ തന്നിരിക്കുന്നവയിൽ നിന്ന് മൗലികാവകാശങ്ങൾ കണ്ടെത്തുക.
   1) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
   2) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
   3) സൗജന്യ നിയമസഹായം
   4) ലഹരി വസ്തുക്കളുടെ നിരോധനം

   A) 1, 3 B) 1, 2 C) 3, 4 D) 2, 3

10. ''നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളെക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്''. ആരുടെ വാക്കുകളാണിത് ?

    A) പ്ലേറ്റോ B) കാൾ മാക്സ്
    C) അരിസ്റ്റോട്ടിൽ D) അഗസ്റ്റ് കോംതെ

11. താഴെ തന്നിരിക്കുന്ന കേരളത്തിലെ ഒരു നവോത്ഥാന നായകനെ കുറിച്ചുള്ളതാണ്
    – അധഃസ്ഥിതർക്ക് ക്ഷേത്രപ്രവേശനവും സഞ്ചാരസ്വാതന്ത്ര്യവും അനുവദിക്കണമെന്ന് വാദിച്ചു.
    – അധഃസ്ഥിതരോടൊപ്പം മിശ്രഭോജനം നടത്തി അവരുടെ സാമൂഹ്യ പുരോഗതിക്കു വേണ്ടി പ്രവർത്തിച്ചു.
    – വിദ്യയും വിത്തവും ഉണ്ടെങ്കിലേ മനുഷ്യ പുരോഗതി സാധ്യമാകൂ എന്ന് അദ്ദേഹം വിശ്വസിച്ചു.

    A) ചട്ടമ്പിസ്വാമികൾ B) വൈകുണ്ഠസ്വാമികൾ
    C) ശ്രീനാരായണഗുരു D) അയ്യങ്കാളി

12. തന്നിരിക്കുന്ന ജോഡിയിൽ തെറ്റ് കണ്ടെത്തുക.
    A) അയ്യങ്കാളി : കല്ലുമാല സമരം
    B) ശ്രീനാരായണഗുരു : അരുവിപ്പുറം ക്ഷേത്ര പ്രതിഷ്ഠ
    C) വൈകുണ്ഠസ്വാമികൾ : അയിത്തത്തിനെതിരെ കിണറുകൾ കുഴിച്ചു
    D) സ്വദേശാഭിമാനി പത്രം സ്ഥാപിച്ചു : രാമകൃഷ്ണപിള്ള

13. ലണ്ടൻ മിഷൻ സൊസൈറ്റി (LMS) മിഷനറിസംഘം കേരളത്തിൽ എവിടെയാണ് പ്രവർത്തിച്ചത് ?

    A) തിരുവിതാംകൂർ B) കൊച്ചി
    C) കൊച്ചി, തിരുവിതാംകൂർ D) മലബാർ

14. വൈക്കം സത്യാഗ്രഹത്തോട് പിന്തുണ പ്രഖ്യാപിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണ ജാഥ നടത്തിയത് എന്ന് ?

    A) 1924 സെപ്റ്റംബർ 27 B) 1924 നവംബർ 1
    C) 1925 മാർച്ച് 10 D) 1925 നവംബർ 1

15. ഒന്നേകാൽ കോടി മലയാളികൾ എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര് ?
   A) ഇ. എം. എസ്. നമ്പൂതിരിപ്പാട്
   B) എൻ. വി. കൃഷ്ണവാര്യർ
   C) കുട്ടിമാളു അമ്മ
   D) അക്കമ്മ ചെറിയാൻ

16. 2024-ൽ നിലവിൽ വന്ന ലോകസഭ എത്രാമത്തേതാണ് ?
   A) 16
   B) 17
   C) 18
   D) 19

17. ഇപ്പോഴത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ആര് ?
   A) പ്രഹ്ലാദ് ജോഷി
   B) ധർമ്മേന്ദ്ര പ്രധാൻ
   C) പിയൂഷ് ഗോയൽ
   D) ശിവരാജ് സിംഗ് ചൗഹാൻ

18. താഴെ കൊടുത്തിരിക്കുന്നവയിൽ പഞ്ചശീലതത്ത്വങ്ങളുമായി ബന്ധമില്ലാത്ത പ്രസ്താവനയേത് ?
   i) 1954-ൽ ചൈനയുമായി അതിർത്തിത്തർക്കം ഉണ്ടായപ്പോൾ ഇന്ത്യ ചൈനയുമായി ഒപ്പുവെച്ച കരാർ.
   ii) ഇരു രാജ്യങ്ങളുടെയും അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക എന്നത് ഇതിലെ പ്രധാന തത്വമാണ്.
   iii) ലാൽ ബഹദൂർ ശാസ്ത്രിയും മുഹമ്മദ് ആയൂബ്ഖാനുമാണ് കരാറിൽ ഒപ്പുവെച്ചത്.
   iv) ജവഹർലാൽ നെഹ്റുവും ചൗ എൻ ലായുമാണ് കരാറിൽ ഒപ്പുവെച്ചത്.
   A) i, iii
   B) ii, iv
   C) iii മാത്രം
   D) iv മാത്രം

19. താഴെ കൊടുത്തിരിക്കുന്നവയെ കാലഗണനയനുസരിച്ച് ക്രമീകരിക്കുക.
   i) ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി നിലവിൽ വന്നു.
   ii) ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സംഘടന (ഐ. എസ്. ആർ. ഒ.) നിലവിൽ വന്നു.
   iii) ആര്യഭട്ട എന്ന ഉപഗ്രഹം വിക്ഷേപിച്ചു.
   iv) ചന്ദ്രയാൻ ദൗത്യം.
   A) i, ii, iii, iv
   B) ii, i, iii, iv
   C) iii, i, ii, iv
   D) ii, iii, i, iv

20. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്കുശാലകളും അവ രൂപീകരിക്കാൻ സഹായിച്ച രാജ്യങ്ങളുമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിൽ തെറ്റായ ജോഡി ഏത് ?
   i) ഭിലായി – സോവിയറ്റ് യൂണിയൻ
   ii) റൂർക്കേല – ജർമനി
   iii) ദുർഗാപ്പൂർ – ബ്രിട്ടൺ
   iv) ബൊക്കാറോ – ഫ്രാൻസ്
   A) i
   B) ii
   C) iii
   D) iv

21. ആസൂത്രണ കമ്മിഷൻ ഇന്ത്യയിൽ നടപ്പിലാക്കിയ ഒന്നാം പഞ്ചവത്സരപദ്ധതി യുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനയേത് ?

i) 1951-1956 ആണ് പദ്ധതിയുടെ കാലയളവ്.

ii) വ്യാവസായിക വികസനത്തിന് ഊന്നൽ നൽകി.

iii) കാർഷികമേഖലയുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകി.

iv) ഹാരോഡ്-ഡോമർ മാതൃക എന്നറിയപ്പെടുന്നു.

A) i, ii, iii
B) i, iii, iv
C) ii, iii, iv
D) എല്ലാം ശരിയാണ്

22. ''അണക്കെട്ടുകൾ ഇന്ത്യയുടെ വികസനത്തിന്റെ മഹാക്ഷേത്രങ്ങളാണ് '' – ഈ വാക്കുകൾ ആരുടെതാണ് ?

A) ഡോ. രാജേന്ദ്രപ്രസാദ്
B) ജവഹർലാൽ നെഹ്റു
C) എം. എസ്. സ്വാമിനാഥൻ
D) സർദാർ വല്ലഭായ് പട്ടേൽ

23. നീതി ആയോഗിന്റെ ഇപ്പോഴത്തെ വൈസ് ചെയർമാൻ ആരാണ് ?

A) സുമൻ ബെറി
B) നരേന്ദ്ര മോദി
C) അരവിന്ദ് പനഗരിയ
D) ബി. വി. ആർ. സുബ്രഹ്മണ്യം

24. ചന്ദ്രയാൻ-3 പേടകം ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങിയതെന്ന് ?

A) 2023 ആഗസ്റ്റ് 14
B) 2023 ആഗസ്റ്റ് 16
C) 2023 ആഗസ്റ്റ് 21
D) 2023 ആഗസ്റ്റ് 23

25. താഴെ പറയുന്നവയിൽ ഇന്ത്യയിലെ കിഴക്കൻ മലനിരകളിൽ ഉൾപ്പെടുന്നത് കണ്ടെത്തുക.

1) പത്കായിബും
2) മിസോകുന്നുകൾ
3) ഹിമാദ്രി
4) ഗാരോ-ഖാസി കുന്നുകൾ

A) 1 & 2
B) 2, 3 & 4
C) 1, 2 & 4
D) 3 & 4

26. ഇന്ത്യയുടെ പടിഞ്ഞാറൻ തീരസമതലവുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയല്ലാത്തത് കണ്ടെത്തുക.

1) റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ.

2) ഡെൽറ്റ രൂപീകരണം നടക്കുന്നു.

3) കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.

4) താരതമ്യേന വീതി കൂടുതൽ.

A) 1 & 2
B) 3 & 4
C) 2 & 4
D) 1, 3 & 4

27. ആൻഡമാൻ-നിക്കോബാർ ദ്വീപസമൂഹവുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയായത് കണ്ടെത്തുക.
   1) അറബിക്കടലിലാണ് ദ്വീപസമൂഹം സ്ഥിതി ചെയ്യുന്നത്.
   2) ഏകദേശം 200 ദ്വീപുകൾ ഉൾപ്പെടുന്നതാണ് ആൻഡമാൻ.
   3) പോർട്ട് ബ്ലെയറാണ് ഈ ദ്വീപസമൂഹത്തിന്റെ തലസ്ഥാനം.
   4) 36 ദ്വീപുകൾ ഉൾപ്പെടുന്നതാണ് നിക്കോബാർ.

   A) 1, 2 & 3 B) 2 & 3 C) 2, 3 & 4 D) 1 & 4

28. താഴെ നൽകിയിട്ടുള്ളവയിൽ ഇന്ത്യയുടെ കിഴക്ക് തീരത്ത് സ്ഥിതിചെയ്യുന്ന തുറമുഖങ്ങൾ കണ്ടെത്തുക.
   1) കണ്ട്ല 2) നെവാഷേവ
   3) പാരദ്വീപ് 4) ഹാൽഡിയ

   A) 1 & 3 B) 2 & 3 C) 1 & 2 D) 3 & 4

29. ഏത് നദിയുടെ പോഷക നദിയാണ് തുംഗഭദ്ര ?

   A) കൃഷ്ണ B) മഹാനദി C) ഗോദാവരി D) താപ്തി

30. കേരളത്തിലെ വിവിധ വെള്ളച്ചാട്ടങ്ങൾ, ജില്ലകൾ എന്നിവയുടെ പട്ടിക ചുവടെ നൽകുന്നവയിൽ നിന്ന് ശരിയല്ലാത്തത് കണ്ടെത്തുക.

   A) വാഴച്ചാൽ – തൃശ്ശൂർ
   B) ചീയപ്പാറ – പത്തനംത്തിട്ട
   C) പാലരുവി – കൊല്ലം
   D) തുഷാരഗിരി – കോഴിക്കോട്

31. കേരളത്തിലെ നദികളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.
   1) കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി-പെരിയാർ.
   2) വേമ്പനാട് കായലിൽ പതിക്കുന്ന പമ്പ നദിയുടെ പോഷക നദികളാണ് കക്കി, കല്ലാർ.
   3) പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലൂടെ ഒഴുകുന്ന ഭാരതപ്പുഴ അറബിക്കടലിൽ പതിക്കുന്നു.

   A) 1 & 2 B) 1 & 3
   C) 2 & 3 D) എല്ലാം ശരിയാണ്

32. കേരളത്തിലെ ദേശീയോദ്യാനത്തെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക.
   1) ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട ദേശീയോദ്യാനമാണ് സൈലന്റ് വാലി.
   2) ഏറ്റവും കൂടുതൽ ജൈവ വൈവിദ്ധ്യമുള്ള ദേശീയോദ്യാനമാണ് സൈലന്റ് വാലി.
   3) കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനമാണ് ഇരവികുളം.
   4) വരയാടുകളുടെ സംരക്ഷണ കേന്ദ്രമാണ് ഇരവികുളം.

   A) 1, 2 & 3 B) 1, 2 & 4 C) 1, 3 & 4 D) 2, 3 & 4

33. കേരളത്തിലെ ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച് തെറ്റായ പ്രസ്താവന കണ്ടെത്തുക.

1) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിന് സഹായിച്ച രാജ്യം – കാനഡ
2) മലബാറിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി – ശബരിഗിരി
3) സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആദ്യ ജലവൈദ്യുത പദ്ധതി – മണിയാർ
4) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിത ഉൽപ്പാദനശേഷി – 680 മെഗാവാട്ട്

A) 1 & 2 B) 2 & 4 C) 3 & 4 D) 1 & 3

34. കേരളത്തിലെ മലനാടുകളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയല്ലാത്തത് കണ്ടെത്തുക.

1) സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരം.
2) ഉയരം കൂടിയ കുന്നുകളും മലകളും അടങ്ങിയ പ്രദേശം.
3) മലനാട്ടിൽ നിന്നാണ് നദികൾ ഉത്ഭവിക്കുന്നത്.
4) മലനാടിന്റെ ഭൂരിഭാഗവും വനങ്ങളാണ്.

A) 1 മാത്രം B) 2 മാത്രം C) 1 & 3 D) 2 & 4

35. താഴെ പറയുന്നവരിൽ കേരള അത്‌ലറ്റുകളിൽ ഉൾപ്പെടുന്നവർ ആരെല്ലാം ?

1) കെ. ടി. ഇർഫാൻ
2) സിനി ജോസ്
3) ജിമ്മി ജോർജ്
4) അഞ്ജു ബോബി ജോർജ്

A) 1, 2 & 3 B) 2, 3 & 4 C) 1, 2 & 4 D) 1, 3 & 4

36. കേരളത്തിലെ മത്സ്യബന്ധന മേഖലയുമായി യോജിക്കാത്ത പ്രസ്താവനകൾ കണ്ടെത്തുക.

1) മത്സ്യഫെഡ് ആരംഭിച്ച വർഷം – 1984
2) മത്സ്യഫെഡിന്റെ ആസ്ഥാനം – കൊച്ചി
3) കേരളത്തിന്റെ ഔദ്യോഗിക മത്സ്യം – മത്തി
4) മത്സ്യബന്ധന മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതി – പ്രധാനമന്ത്രി മത്സ്യ സമ്പദ്‌യോജന

A) 1 & 4 B) 1 & 2 C) 3 & 4 D) 2 & 3

37. കേരളത്തിലെ ആദ്യത്തെ വന്യജീവി സങ്കേതം ഏത് ?

A) പെരിയാർ B) വയനാട്
C) ഇടുക്കി D) പറമ്പിക്കുളം

38. താഴെ പറയുന്നവയിൽ കടൽതീരം ഇല്ലാത്ത ജില്ല ഏത് ?

A) കൊല്ലം B) ആലപ്പുഴ C) പത്തനംതിട്ട D) കണ്ണൂർ

39. താഴെ പറയുന്നവയിൽ കേരളത്തിലൂടെ കടന്നു പോകുന്ന ദേശീയ ജലപാത ഏത് ?

A) ദേശീയ ജലപാത 1
B) ദേശീയ ജലപാത 2
C) ദേശീയ ജലപാത 3
D) ദേശീയ ജലപാത 4

40. ചന്ദ്രയാൻ 3 ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തിയത് എന്ന് ?

A) 2023 ആഗസ്റ്റ് 5
B) 2023 ഒക്ടോബർ 23
C) 2023 ജൂലൈ 14
D) 2023 ആഗസ്റ്റ് 23

41. 2023-ൽ എഴുത്തച്ഛൻ പുരസ്കാരം നേടിയ വ്യക്തി

A) പി. വത്സല
B) എസ്. കെ. വസന്തൻ
C) സേതു
D) പി. സച്ചിദാനന്ദൻ

42. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒന്നു മുതൽ എട്ടു വരെയുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

A) കെടാവിളക്ക്
B) താലോലം
C) വിദ്യാവാഹിനി
D) വിദ്യാകിരൺ

43. അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ 50 സെഞ്ച്വറി നേടിയ ആദ്യ താരം

A) സച്ചിൻ തെൻഡുൽക്കർ
B) രോഹിത് ശർമ്മ
C) വിരാട് കോഹ്‌ലി
D) സുനിൽ ഗവാസ്ക്കർ

44. താഴെ തന്നിരിക്കുന്നവയിൽ തിരഞ്ഞെടുപ്പു കമ്മീഷന്റെ ചുമതലകൾ ഏതൊക്കെയാണ് ?

i) വോട്ടർപട്ടിക തയ്യാറാക്കൽ
ii) തിരഞ്ഞെടുപ്പു ചിഹ്നങ്ങൾ അനുവദിക്കൽ
iii) വോട്ടിങ്, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം
iv) പെരുമാറ്റച്ചട്ടം രൂപീകരിക്കൽ

A) i, ii, iii
B) i, ii, iv
C) iii മാത്രം
D) ഇവയെല്ലാം ശരിയാണ്

45. നാട്ടുരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട് ലയന കരാർ തയ്യാറാക്കിയത് ആരെല്ലാം ?

A) ജവഹർലാൽ നെഹ്റു, സർദാർ പട്ടേൽ
B) ജവഹർലാൽ നെഹ്റു, വി. പി. മേനോൻ
C) സർദാർ പട്ടേൽ, വി. പി. മേനോൻ
D) സർദാർ പട്ടേൽ, അംബേദ്കർ

46. താഴെ തന്നിരിക്കുന്നവയിൽ ഖാരിഫ് വിള ഏതാണ് ?
A) ഗോതമ്പ് B) നെല്ല് C) പഴവർഗങ്ങൾ D) കടുക്

47. ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാപ്പിക്കുരു ഏത് ?
A) ലിബറിക്ക B) റോബസ്റ്റ C) അറബിക്ക D) എക്സെൽസ

48. ഐ. എസ്. ആർ. ഒ. സ്ഥാപിതമായ വർഷം
A) 1969 B) 1962 C) 1975 D) 1965

49. UNESCO യുടെ സാഹിത്യനഗര പട്ടികയിൽ ഇടംനേടിയ ഇന്ത്യയിലെ ആദ്യ നഗരം
A) ഗ്വാളിയോർ
B) കോഴിക്കോട്
C) തൃശ്ശൂർ
D) കൊൽക്കത്ത

50. 2023 ഒക്ടോബറിൽ ജാതി സെൻസസ് പ്രസിദ്ധീകരിച്ച ഇന്ത്യൻ സംസ്ഥാനം
A) ബീഹാർ B) ആസാം C) കർണ്ണാടക D) ഗുജറാത്ത്

51. ഇന്ത്യ 2023 ഏഷ്യൻ ഗെയിംസിൽ നേടിയ ആകെ മെഡലുകൾ എത്രയാണ് ?
A) 207 B) 109 C) 209 D) 107

52. സൂര്യനെ കുറിച്ച് പഠിക്കാനുള്ള ഇന്ത്യയുടെ ദൗത്യമേത് ?
A) ഗഗൻയാൻ B) മംഗൾയാൻ C) ആദിത്യ L1 D) ശുക്രയാൻ

53. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി എവിടെ കാണപ്പെടുന്നു ?
A) വിരൽ B) തലയോട് C) ചെവി D) നട്ടെല്ല്

54. താഴെ നൽകിയിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
i) വിറ്റാമിൻ A യുടെ കുറവുമൂലമുണ്ടാകുന്ന രോഗാവസ്ഥയാണ് നിശാന്ധത.
ii) ബെറിബെറി എന്ന രോഗം വിറ്റാമിൻ C യുടെ കുറവ് മൂലം ഉണ്ടാകുന്നു.
iii) വിറ്റാമിൻ A യുടെ കുറവ് മൂലം ഉണ്ടാകുന്ന രോഗാവസ്ഥയാണ് വർണാന്ധത.
iv) ബെറിബെറി എന്ന രോഗം വിറ്റാമിൻ B യുടെ കുറവ് മൂലം ഉണ്ടാകുന്നു.
A) i ഉം ii ഉം ശരി
B) i ഉം iv ഉം ശരി
C) ii ഉം iii ഉം ശരി
D) iii ഉം iv ഉം ശരി

55. ബുദ്ധിമാന്റെ നെല്ല് എന്നറിയപ്പെടുന്ന നെല്ലിനം ഏത് ?
A) പൊക്കാളി B) IR8 C) അന്നപൂർണ്ണ D) പവിഴം

56. കേരള വനഗവേഷണ സ്ഥാപനം സ്ഥിതി ചെയ്യുന്നത് എവിടെയാണ് ?
A) ഇടുക്കി B) പീച്ചി C) വയനാട് D) മലമ്പുഴ

57. ഒരു ആഹാരശൃംഖലയിലെ ഒന്നാമത്തെ ട്രോപിക തലത്തിലെ ജീവികൾ എപ്പോഴും ഇവർ ആയിരിക്കും. ആര് ?
A) പ്രാഥമിക ഉപഭോക്താക്കൾ
B) വിഘാടകർ
C) ദ്വിതീയ ഉപഭോക്താക്കൾ
D) ഉല്പാദകർ

58. 'പവിഴപ്പുറ്റുകൾ കടലിലെ മഴക്കാടുകൾ' എന്ന പുസ്തകം എഴുതിയതാര് ?

A) വർക്കി മന്നത്ത്
B) സണ്ണി എബ്രഹാം
C) ജോയ് സെബാസ്റ്റ്യൻ
D) അരുൺ അലോഷ്യസ്

59. ഗുണ നിലവാരം നിലനിർത്തി സവാള കൂടുതൽ കാലം കേടാകാതെ സൂക്ഷിക്കാനുള്ള സംവിധാനം കണ്ടെത്തിയ സ്ഥാപനം ഏത് ?

A) BARC
B) NIF
C) CSIR
D) ICAR

60. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാമാണ് ?

i) താപത്തിന്റെ SI യൂണിറ്റാണ് ജൂൾ
ii) താപത്തിന്റെ SI യൂണിറ്റാണ് ഫാരൻ ഹീറ്റ്
iii) താപനിലയുടെ SI യൂണിറ്റാണ് സെൽഷ്യസ്
iv) താപനിലയുടെ SI യൂണിറ്റാണ് കെൽവിൻ

A) ഒന്നും നാലും
B) രണ്ടും നാലും
C) ഒന്നും മൂന്നും
D) രണ്ടും മൂന്നും

61. താഴെ പറയുന്നവയിൽ തെറ്റായ ജോഡി ഏത് ?

A) പവർ – വാട്ട്
B) ഊർജം – ജൂൾ
C) പ്രവൃത്തി – ജൂൾ
D) ബലം – പാസ്കൽ

62. അലുമിനിയത്തിന്റെ ഒരു ധാതുവാണ്

A) ജിപ്സം
B) ക്രയോലൈറ്റ്
C) ലൈം സ്റ്റോൺ
D) മാഗ്നറൈറ്റ്

63. തെർമോപ്ലാസ്റ്റിക്കിന് ഉദാഹരണം അല്ലാത്തത് ഏത് ?

A) പോളിത്തീൻ
B) നൈലോൺ
C) പി. വി. സി.
D) ബേക്കലൈറ്റ്

64. കോൺവെക്സ് ലെൻസ് ഉപയോഗിച്ച് പരിഹരിക്കാവുന്ന കണ്ണിന്റെ ന്യൂനതകൾ ഏതൊക്കെയാണ് ?

i) ഹ്രസ്വദൃഷ്ടി
ii) ദീർഘദൃഷ്ടി
iii) വെള്ളെഴുത്ത്
iv) മാലക്കണ്ണ്

A) ഒന്നും മൂന്നും
B) ഒന്നും നാലും
C) രണ്ടും മൂന്നും
D) രണ്ടും നാലും

65. 2023 സെപ്റ്റിമിയാസ് അവാർഡ്സിൽ മികച്ച ഏഷ്യൻ നടനായി തിരഞ്ഞെടുക്കപ്പെട്ട നടൻ ആര് ?

A) അല്ലു അർജുൻ
B) ടോവിനോ തോമസ്
C) മമ്മൂട്ടി
D) സൂര്യ

66. മുപ്പത്തിയെട്ടാമത് ദേശീയ ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് വേദിയായ നഗരം

A) കൊച്ചി
B) ബാംഗ്ലൂർ
C) കോയമ്പത്തൂർ
D) മുംബൈ

67. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായതേത് ?

i) ഡിഫ്ത്തീരിയ, ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗമാണ്.
ii) കോളറ വായുവിലൂടെ പകരുന്ന രോഗമാണ്.
iii) ചിക്കൻഗുനിയ മലിനജലത്തിലൂടെ പകരുന്ന രോഗമാണ്.

A) i മാത്രം ശരി
B) ii മാത്രം ശരി
C) i ഉം iii ഉം ശരി
D) എല്ലാം ശരിയാണ് (i, ii, iii)

68. അനോഫിലസ് പെൺകൊതുകുകൾ വാഹകരായിട്ടുള്ള രോഗമേത് ?

A) മന്ത്
B) ക്ഷയം
C) മലമ്പനി
D) ഡങ്കിപ്പനി

69. ശരിയായ ജോടി ഏത് ?

i) ക്ഷയം – ബി. സി. ജി.
ii) ടെറ്റനസ് – ഒ. പി. വി.
iii) ഡിഫ്ത്തീരിയ – എം. എം. ആർ.
iv) പോളിയോ – ഡി. പി. ടി.

A) i മാത്രം ശരി
B) ii ഉം iii ഉം ശരി
C) iv മാത്രം ശരി
D) i ഉം iii ഉം ശരി

70. രക്തത്തിലെ ഹീമോഗ്ലോബിന്റെ നിർമ്മാണത്തിനാവശ്യമായ ഘടകമേത് ?

A) സോഡിയം
B) ഇരുമ്പ്
C) ഫോസ്ഫറസ്
D) അയോഡിൻ

71. താഴെ പറയുന്നവയിൽ ജീവിതശൈലീ രോഗമല്ലാത്തതേത് ?

A) ഫാറ്റിലിവർ
B) പക്ഷാഘാതം
C) പ്രമേഹം
D) ഹീമോഫീലിയ

72. താഴെ പറയുന്നവയിൽ അവയവദാനവുമായി ബന്ധപ്പെട്ട പദ്ധതിയേത് ?

A) താലോലം
B) സ്നേഹപൂർവ്വം
C) ആർദ്രം
D) മൃതസഞ്ജീവനി

73. 'അശ്വമേധം' പദ്ധതി ഏത് രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) കാൻസർ
B) എയ്ഡ്സ്
C) കുഷ്ഠം
D) പ്രമേഹം

74. 'നിപ' രോഗത്തിന്റെ പ്രകൃത്യാലുള്ള വാഹക ജീവിയേത് ?

A) കൊതുക്
B) വവ്വാൽ
C) ഈച്ച
D) എലി

75. ആതിഥേയ ജീവിയുടെ ജനിതക സംവിധാനം ഉപയോഗിച്ച് പെരുകാൻ കഴിവുള്ള രോഗാണുവേത് ?

A) ബാക്ടീരിയ
B) ഫംഗസ്
C) പ്രോട്ടോസോവ
D) വൈറസ്

76. 'ആയുഷ് ' വകുപ്പിൽ ഉൾപ്പെടാത്ത ചികിത്സാരീതിയേത് ?

A) ആയുർവേദം
B) ഹോമിയോപ്പതി
C) അലോപ്പതി
D) യുനാനി

77. താഴെ പറയുന്നവയിൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി ?

A) വിമുക്തി
B) ജീവനി
C) ഉഷസ്
D) മിഠായി

78. സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഇൻഷുറൻസ് പദ്ധതിയേത് ?

A) ലീപ്
B) ആരോഗ്യകിരണം
C) മെഡിസെപ്
D) ആശ്വാസകിരണം

79. ശൈശവ വിവാഹം തടയുന്നതിന്റെ ഭാഗമായി വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്ന വനിത-ശിശു വികസന വകുപ്പിന്റെ പദ്ധതിയുടെ പേര് ?

A) ആശ്വാസ നിധി
B) രക്ഷാദൂത്
C) പൊൻവാക്ക്
D) ഉജ്ജ്വല

80. മൃതസഞ്ജീവനി പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡർ ആര് ?

A) കുഞ്ചാക്കോ ബോബൻ
B) പൃഥ്വിരാജ്
C) മമ്മൂട്ടി
D) മോഹൻലാൽ

81. $2 - 5 + (6 - 6) \times 5 + 3 =$

A) 30 B) 5 C) 0 D) 15

82. ഒരു സ്കൂളിലെ 20 അധ്യാപകരുടെ ശരാശരി പ്രായം 35 ആണ്. ഇതിൽ 25 വയസ്സുള്ള അധ്യാപകൻ സ്ഥലം മാറി പോയി പകരം 45 വയസ്സുള്ള അധ്യാപകൻ വന്നു. ഇപ്പോൾ അവരുടെ ശരാശരി പ്രായം എത്ര ?

A) 33 B) 36 C) 37 D) 34

83. $\frac{1}{1\times 2}+\frac{1}{2\times 3}+\frac{1}{3\times 4}$ എത്രയാണ് ?

A) $\frac{3}{4}$ B) $\frac{2}{3}$ C) $\frac{2}{9}$ D) $\frac{4}{9}$

84. 72 കി. മീ. /മണിക്കൂർ വേഗത്തിൽ സഞ്ചരിക്കുന്ന ഒരു തീവണ്ടി 4 മിനിറ്റ് കൊണ്ട് സഞ്ചരിക്കുന്ന ദൂരം എത്ര ?

A) 4.2 കി. മീ. B) 5.6 കി. മീ. C) 3.6 കി. മീ. D) 4.8 കി. മീ.

85. ഒരാൾ 450 രൂപയ്ക്ക് ആപ്പിൾ വാങ്ങി 423 രൂപയ്ക്ക് വിറ്റാൽ നഷ്ടം എത്ര ശതമാനമാണ് ?

A) 6% B) 8% C) 5% D) 7%

86. രണ്ട് സംഭരണികളിൽ യഥാക്രമം 650 ലിറ്റർ, 780 ലിറ്റർ വെള്ളം അടങ്ങിയിരിക്കുന്നു. രണ്ട് സംഭരണികളിലേയും വെള്ളത്തിന്റെ അളവ് കൃത്യമായി കണക്കാക്കാൻ കഴിയുന്ന മറ്റൊരു സംഭരണിയുടെ പരമാവധി ശേഷി എത്രയാണ് ?

A) 150 ലിറ്റർ B) 130 ലിറ്റർ C) 120 ലിറ്റർ D) 160 ലിറ്റർ

87. $1\frac{1}{4}$ ന്റെ വർഗം എത്രയാണ് ?

A) $\frac{1}{8}$ B) $\frac{9}{16}$ C) $\frac{1}{16}$ D) $\frac{25}{16}$

88. $\frac{0.12}{0.3}\times\frac{0.4}{0.2}\times\frac{0.6}{0.4}$ ന്റെ വില എത്രയാണ് ?

A) 12 B) 0.12 C) 1.2 D) 2.4

89. ഒരു സഞ്ചിയിൽ 36.75 കി. ഗ്രാം അരി ഉണ്ട്. ഇത് തുല്യമായി 7 സഞ്ചികളിലാക്കിയാൽ ഒരു സഞ്ചിയിൽ എത്ര കി. ഗ്രാം അരി ഉണ്ടായിരിക്കും ?

A) 5.75 കി. ഗ്രാം B) 5.15 കി. ഗ്രാം

C) 5.5 കി. ഗ്രാം D) 5.25 കി. ഗ്രാം

90. 12, 15, 18 എന്നീ സംഖ്യകൾ കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന ഏറ്റവും ചെറിയ മൂന്നക്ക സംഖ്യ ഏതാണ് ?

A) 210 B) 180 C) 150 D) 270

91. 20 × (15 – 8) + 120 ÷ 4 – 5 × 5 എത്രയാണ് ?

A) 140 B) 160 C) 145 D) 165

92. 1, 2, 6, 15, 31, _______ എന്ന ശ്രേണിയുടെ വിട്ട ഭാഗത്തെ സംഖ്യ ഏത് ?

A) 56 B) 55 C) 54 D) 53

93. ഒറ്റയാനെ കണ്ടെത്തുക.

A) 2:7 B) 3:26 C) 4:65 D) 5:124

94. 25 പേരുള്ള ഒരു വരിയിൽ ആരതി മുൻപിൽ നിന്ന് പതിനൊന്നാമതും ലത പുറകിൽ നിന്ന് ഇരുപത്തിയൊന്നാമതും ആയാൽ ഇവർക്കിടയിൽ എത്ര പേരുണ്ട് ?

A) 6 B) 5 C) 4 D) 7

95. അപ്പുവിന്റെ വയസ്സിന്റെ 8 മടങ്ങാണ് അമ്മയുടെ വയസ്. മൂന്ന് വർഷങ്ങൾക്ക് ശേഷം അമ്മയുടെ വയസ് അപ്പുവിന്റെ വയസിന്റെ 5 മടങ്ങാകും. അമ്മയുടെ ഇപ്പോഴത്തെ വയസെത്ര ?

A) 28 B) 32 C) 35 D) 36

96. സമാനബന്ധം കണ്ടെത്തുക.

HLKM : EIHJ : : DGNP : ________

A) BDJM B) BDKM C) ADJM D) ADKM

97. 2, 3, 5, 7, 11, _________

A) 13 B) 12 C) 15 D) 17

98. കൂട്ടത്തിൽ പെടാത്തത് ഏത് ?

A) $\frac{4}{9}$ B) $\frac{36}{49}$ C) $\frac{16}{25}$ D) $\frac{125}{625}$

99. 4 + 8 = 20 ആയാൽ 6 + 10 എന്നത് ഏത് സംഖ്യയോട് തുല്യമായിരിക്കും ?

A) 46 B) 44 C) 42 D) 48

100. ശരിയായ രീതിയിൽ ക്രമീകരിച്ചിരിക്കുന്നത് ഏത് ?

A) പുല്ല്, തവള, പുൽച്ചാടി, പാമ്പ്, കഴുകൻ, ബാക്ടീരിയ

B) പുല്ല്, പുൽച്ചാടി, തവള, കഴുകൻ, ബാക്ടീരിയ, പാമ്പ്

C) പുല്ല്, പുൽച്ചാടി, തവള, പാമ്പ്, കഴുകൻ, ബാക്ടീരിയ

D) ബാക്ടീരിയ, പുല്ല്, തവള, പുൽച്ചാടി, പാമ്പ്, കഴുകൻ

**FINAL ANSWER KEY**
**Question Paper Code:091-2024 M**
**Question Paper Medium:Malayalam**
**Category Code:055/2022,056/2022**
**Name Of Post & Department:Farm Worker-Main Examination 055/2022,056/2022**
**Date Of Test:24-Jul-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | D | B | B | C |
| 2 | B | A | D | B |
| 3 | C | C | B | A |
| 4 | A | A | A | B |
| 5 | B | B | A | B |
| 6 | D | A | B | C |
| 7 | C | D | B | A |
| 8 | B | B | C | A |
| 9 | B | A | A | C |
| 10 | A | C | A | D |
| 11 | A | B | C | B |
| 12 | D | B | D | A |
| 13 | A | D | B | D |
| 14 | B | C | A | B |
| 15 | A | A | D | D |
| 16 | C | D | C | B |
| 17 | B | B | B | A |
| 18 | C | A | B | A |
| 19 | A | B | D | A |
| 20 | D | B | A | C |
| 21 | B | D | A | B |
| 22 | B | D | C | D |
| 23 | A | A | D | B |
| 24 | D | C | B | D |
| 25 | C | C | A | D |
| 26 | C | B | B | B |
| 27 | B | A | C | C |
| 28 | D | C | D | D |
| 29 | A | D | B | C |
| 30 | B | A | C | D |
| 31 | D | C | D | B |
| 32 | B | C | C | D |
| 33 | B | D | D | A |
| 34 | A | B | A | C |
| 35 | C | A | C | A |
| 36 | D | D | C | B |
| 37 | A | B | C | C |
| 38 | C | A | B | C |
| 39 | C | B | A | C |
| 40 | D | B | B | B |
| 41 | B | D | A | A |
| 42 | A | C | B | B |
| 43 | C | C | D | A |
| 44 | D | D | B | A |
| 45 | C | A | A | X |
| 46 | B | B | X | A |
| 47 | X | A | D | C |
| 48 | A | C | B | D |
| 49 | B | X | C | C |
| 50 | A | B | D | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | D | C | C | B |
| 52 | C | D | A | B |
| 53 | C | D | D | B |
| 54 | B | D | B | A |
| 55 | A | B | A | D |
| 56 | B | A | A | B |
| 57 | D | A | B | C |
| 58 | D | B | C | A |
| 59 | A | C | D | D |
| 60 | A | B | C | B |
| 61 | D | C | D | C |
| 62 | B | D | A | B |
| 63 | D | C | B | D |
| 64 | C | B | D | D |
| 65 | B | D | C | A |
| 66 | C | A | B | C |
| 67 | A | A | D | C |
| 68 | C | C | C | B |
| 69 | A | D | C | D |
| 70 | B | C | B | D |
| 71 | D | C | C | A |
| 72 | D | B | D | C |
| 73 | C | C | D | A |
| 74 | B | D | D | B |
| 75 | D | D | A | A |
| 76 | C | D | B | C |
| 77 | A | A | A | C |
| 78 | C | B | C | D |
| 79 | C | A | A | D |
| 80 | D | C | C | C |
| 81 | C | D | C | B |
| 82 | B | A | A | D |
| 83 | A | D | C | C |
| 84 | D | X | B | D |
| 85 | A | C | B | B |
| 86 | B | C | C | D |
| 87 | D | A | B | A |
| 88 | C | C | A | D |
| 89 | D | B | D | X |
| 90 | B | B | A | C |
| 91 | C | B | D | C |
| 92 | A | D | A | B |
| 93 | C | C | D | A |
| 94 | B | D | X | D |
| 95 | B | B | C | A |
| 96 | D | C | B | C |
| 97 | A | B | D | A |
| 98 | D | A | C | C |
| 99 | X | D | D | B |
| 100 | C | A | B | B |

'X' denotes deletion

Approved For Publication
Sd/-
Section officer